പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ പ്രവർത്തനങ്ങൾക്കായി 2009-ൽ 525 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ഏബിൾ ഗ്രൂപ്പ് ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം കരാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. രണ്ടുപ്രാവശ്യം കരാർ ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ ഈ കമ്പനിയുടെ കരാർ റിസ്ക് ആന്റ് കോസ്റ്റിൽ നിന്ന് ഈ വർഷം ഒഴിവാക്കി. ഈ റോഡിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള 274 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. എത്രയുംവേഗം അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വടക്കഞ്ചേരി മുതൽ വാളയാർ വരെയുള്ള ദേശീയപാത നാലുവരിയാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. കെ.എൻ.ആർ.സി. കമ്പനിയുടെ വാഹനങ്ങൾ നിരന്തരം ഈ റോഡിലൂടെ പോകുന്നതിനാൽ റോഡിന്റെ സ്ഥിതി വളരെ മോശമായിരിക്കുന്നു. പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെയടിസ്ഥാനത്തിൽ ദേശീയപാതയിൽ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കുന്നതുവരെ മുടപ്പല്ലൂർ-മംഗലം ഡാം റോഡ് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്താമെന്ന് ദേശീയപാതയുടെ നിർമ്മാണം ഏറ്റെടുത്ത കെ.എൻ.ആർ.സി. കമ്പനി സമ്മതിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കിവരികയുമാണ്. ദേശീയപാതയുടെ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നവീകരണ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ദേശീയപാത നിർമ്മാണം നടത്തുന്ന കമ്പനിയെത്തന്നെ ഈ വർക്ക് ഏൽപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതുമാണ്.

(14) കല്ലാർ പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കുമളി-മൂന്നാർ റോഡിൽ എന്റെ നിയോജക മണ്ഡലത്തിന്റെ മധ്യഭാഗത്തുവരുന്ന പ്രദേശമാണ് കല്ലാർ. ഇവടെ വളരെ ഇടുങ്ങിയ ഒരു പാലമുണ്ട്. രാമക്കൽമേട്, വാഗമൺ, തേക്കടി തുടങ്ങിയ പ്രദേശങ്ങളിലേക്ക് നൂറുകണക്കിന് ടൂറിസ്റ്റ് വാഹനങ്ങളാണ് ദിവസവും ഈ പാലത്തിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രദേശത്ത് വാഹനാപകടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതക്കുരുക്കും നിത്യസംഭവമാണ്. അതുകൊണ്ട് കാലപ്പഴക്കംകൊണ്ട് അപകടകരമായ ഈ പാലം പുതുക്കി പണിയുന്നതിനുള്ള ഒരു അഭ്യർത്ഥന ഞാൻ നൽകിയിരുന്നു. അങ്ങുതന്നെ മുൻകൈയെടുത്ത് അത് നബാർഡിന് സമർപ്പിക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഡിസൈനിംഗിനുവേണ്ടി 8 ലക്ഷം രൂപയും അനുവദിച്ചിരുന്നു. അടിയന്തരമായി എ.എസും. ടി.എസും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പാലം പണി സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾക്ക് ഉറപ്പു കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഇടുക്കി ജില്ലയിലെ കുമളി-മൂന്നാർ റോഡിലെ കല്ലാർ പാലത്തിന്റെ നിർമ്മാണത്തിന് 368 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇത് നബാർഡ് സഹായത്തോടെയാണ് നിർമ്മിക്കുന്നത്.

VII മേശപ്പുറത്തു വച്ച കടലാസുകൾ

I. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, (ചട്ടം 47 (2) പ്രകാരമുള്ള താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3910 അഞ്ചാം സമ്മേളനത്തിലെ 5721 ഏഴാം സമ്മേളനത്തിലെ 1141, 2919 പത്താം സമ്മേളനത്തിലെ 1764, 2935, 2950, 4895 പതിനൊന്നാം സമ്മേളനത്തിലെ 962, 978, 1036, 1039, 1040, 1042, 1074, 1075, 1082, 1395, 2634, 2637, 2641, 2643, 2645, 2657, 2660, 2668, 2669, 2670, 2671, 2680, 2709, 2719, 2722, 3094, 4291, 4292, 4293, 4294, 4295, 4299, 4303, 4316, 4326, 4333, 4334, 4335, 4337, 4340, 4354, 4377, 4408, 4409, 4410 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

LIBRARY ARCHIVES Kerala Legislative Assembly